LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.റ്റി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നഗരസഭകളിൽ ഊർജ്ജിതമായി നടപ്പാക്കി വരികയാണ്.

(ബി) പദ്ധതികളൊന്നും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൻകീഴിൽ അംഗീകാരം ലഭിച്ചുവെങ്കിലും ആലുവാ നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പദ്ധതി സ്ഥലലഭ്യതയുടെ അഭാവത്തിൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ജെ.എൻ.എൻ.യു. ആർ.എം. പദ്ധതിയിൻകീഴിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ഖരമാലിന്യ സംസ്കരണത്തിനായി വിളപ്പിൽശാലയിൽ ഒരു സംസ്കരണ പ്ലാന്റ് സ്ഥാപിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണം നിലവിൽ പ്രവർത്തനം നിറുത്തിവച്ചിരിക്കുകയാണ്.

(ഡി) വിശദവിവരം താഴെ ചേർക്കുന്നു:

Sl. No.	Year	Outlay	Amount Received	(Rs. in lakhs) Expenditure
1	2011-12	5544	5544	5543
2	2012-13	17766	6555	5177
3	2013-14	9185	2366	2193

നഗരപ്രദേശങ്ങളിലെ തെരുവ് നായ്ക്കളുടെ ഉപദ്രവം

80 (7377) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ഉപദ്രവം ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത് ; പ്രസ്തുത നടപടികൾ ഫലപ്രദമാണോയെന്നറിയിക്കുമോ ; നടപടികൾ ഫലപ്രദമല്ലെന്നുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കുട്ടികൾപോലും ഇവയുടെ ആക്രമണത്തിന് ഇരകളായിക്കൊണ്ടിരിക്കുന്നുവെന്ന മാദ്ധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ഉപദ്രവം ഇല്ലാതാക്കാൻ ശക്തമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; ഇതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നഗരസഭകളിൽ തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നഗരസഭകളിൽ നടന്നുവരുന്നു. തിരുവനന്തപുരം നഗരസഭ പ്രദേശത്ത് 2013 ഏപ്രിൽ വരെ 1700 നായ്ക്കളെ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ തെരുവ് നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നുണ്ട്. നഗരസഭകളിൽ എ.ബി.സി. പ്രോഗ്രാം പല കാരണങ്ങളാൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം, വെറ്ററിനറി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും, തെരുവ് നായ്ക്കളെ വേദന കൂടാതെ പിടിക്കുന്നതിന് ട്രെയിനിംഗ് ലഭിച്ചവരുടെ അഭാവം, നായ്ക്കളെ യഥാവിധി പരിചരിച്ച് പിടിച്ച സ്ഥലത്തുതന്നെ തിരികെ എത്തിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളിലും എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുവാൻ നഗരസഭകൾക്ക് കഴിയാതെ വരുന്നത്.

(ബി) എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള സന്നദ്ധ സംഘടനകളിൽനിന്നും താൽപര്യപത്രം (EOI) ക്ഷണിച്ച് എ.ബി.സി. പദ്ധതികൾ നടപ്പാക്കുന്നതിന് ടി കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ ഹുമൈൻ സൊസൈറ്റി ഇന്റർനാഷണൽ എന്ന സ്ഥാപനവുമായി എം.ഒ.യു. ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ നഗരസഭയിൽ നായ്കുട്ടികളെ വന്ധ്യംകരിക്കുന്ന പദ്ധതി നിലവിലുണ്ട്. (ഏർലി ന്യൂട്രലൈസേഷൻ ഓഫ് ഡോഗ്സ്) തെരുവ് നായ്ക്കളെ കൊല്ലുന്ന നടപടി നിറുത്തലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പേവിഷബാധ, ചികിത്സിച്ച് ഭേദമാക്കുവാൻ കഴിയാത്ത വ്രണം/മുറിവ്, മാരക രോഗങ്ങൾ പിടിപ്പെട്ട നായ്ക്കളെ ദയാവധത്തിന് വിധേയമാക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ അത്തരം പട്ടികളെ ദയാവധത്തിന് വിധേമാക്കുന്നുണ്ട്.

ആലപ്പുഴ നഗരസഭയിലെ ഖരമാലിന്യ സംസ്ക്കരണം

81 (7378) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly